

ഹായ് കൂട്ടുകാരേ,

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ – ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

## പ്രതിഭ

ദീപനാളം കുട്ടികളോടൊപ്പം

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714



# ആത്മാർഥതയുടെ അർഥതലങ്ങൾ



എലിസബത്ത് സാമുവൽ

ഏതൊരു ബന്ധത്തിന്റെയും അടിസ്ഥാനം ആത്മാർത്ഥയാണ്. ആത്മബന്ധങ്ങൾ ഉടലെടുക്കുന്നതും സ്ഥായിയായി നിലനില്ക്കുന്നതും ആത്മാർഥതയിലൂടെയാണ്. അതിന് സംസ്കാരമോ, ജീവിതസാഹചര്യങ്ങളോ ഭാഷയോ തലമുറകൾക്കിടയിലെ വിടവോ ഒന്നും ഒരു തടസ്സമാകുന്നില്ല. ഗർഭപാത്രത്തിലുടലെടുക്കുന്നതുമുതൽ അമ്മയ്ക്കും കുഞ്ഞിനുമിടയിൽ ഉണ്ടാകുന്ന ആത്മബന്ധമാണ് അതിനെ ഇത്രത്തോളം തീവ്രമാക്കുന്നത്. രണ്ടു മനസ്സുകളെ തമ്മിലൊന്നാക്കുന്ന ആത്മബന്ധത്തിന്റെ ചരടുകൾ പൊട്ടാൻ തുടങ്ങിയാൽ അവർക്കിടയിൽ ഒരു വിടവ് സൃഷ്ടിക്കപ്പെടുകയും അവരറിയാതെ തന്നെ ആ വിടവിന്റെ ആഴം കൂടുകയും പതുക്കെപ്പതുക്കെ ആ ബന്ധത്തിന്റെ തീവ്രത നഷ്ടമാവുകയും ഒരു പക്ഷേ, അതു നാമമാത്രമായി നിലനിൽക്കാൻ ഇടയാവുകയും ചെയ്യുന്നു.

മാതാപിതാക്കൾക്കും മക്കൾക്കുമിടയിൽ, സഹോദരങ്ങൾക്കിടയിൽ, സുഹൃത്തുക്കൾക്കിടയിൽ, അധ്യാപകർക്കും കുട്ടികൾക്കുമിടയിൽ എല്ലാം തൊട്ടറിയപ്പെടുന്ന ആത്മാർത്ഥതയുടെ കണികകൾ ആ ബന്ധങ്ങളെ എത്രയോ മനോഹരമാക്കുന്നു! പൊതുവെ, ശോകാകുലമായിരുന്ന ഒരു ദിവസത്തിന്റെ സായംകാലത്തു മീട്ടപ്പെടുന്ന മൃദുസംഗീതംപോലെ അവ മനസ്സിന്റെ ആകുലതകളെ തുടച്ചുനീക്കാൻ സഹായകരമാകുന്നു. കലുഷിതമായിപ്പോകാവുന്ന ജീവിതാവസ്ഥകളെ ലഘൂകരിക്കാൻ ആത്മാർത്ഥമായ ബന്ധങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. എന്റെ സങ്കടങ്ങളിൽ എന്നെപ്പോലെ തന്നെ ദുഃഖിക്കുന്ന, എന്റെ സന്തോഷങ്ങളിൽ ആഹ്ലാദിക്കുന്ന മറ്റൊരാൾ ഉണ്ടാകുന്നത് എത്രയോ ആനന്ദകരമാണ്! ഇത്തരം ആത്മബന്ധങ്ങളല്ലേ ജീവിതത്തിന്റെ അർത്ഥവ്യാപ്തി കൂട്ടുന്നത്! ഒരു അർത്ഥവുമില്ലാതെയാണ് ഞാൻ മുന്നോട്ടുപോകുന്നത് എന്ന ചിന്തയ്ക്കപ്പുറം, എന്റെ ജീവിതത്തെ അർത്ഥപൂർണമാക്കുന്ന മറ്റു പലരുടെയും സാന്നിധ്യം എന്നോടൊപ്പം എന്നുമുണ്ട് എന്ന ചിന്ത എത്രയോ സുന്ദരവും ആത്മവിശ്വാസം പകരുന്നതുമാണ്.

വർഷങ്ങൾക്കപ്പുറം മാലിദ്വീപ് എന്ന മറ്റൊരു രാജ്യത്ത് അധ്യാപികയായി ജോലി ചെയ്തിരുന്ന കാലത്ത് എന്റെ മനസ്സിനെ ഏറെ സ്പർശിച്ച ഒരു സംഭവം ഓർമവരുന്നു. നമ്മുടേതിൽനിന്നു തീർത്തും വ്യത്യസ്തമായ, ആത്മാർത്ഥമായ കുടുംബബന്ധങ്ങൾ നാമമാത്രമായ ഒരു രാജ്യമാണ് അത് എന്ന് ആദ്യം തന്നെ പറയട്ടെ. അവിടേക്ക് അധ്യാപികയായി ജോലിക്കപേക്ഷിച്ചിട്ട് അഭിമുഖത്തിനായി ചെന്നപ്പോൾത്തന്നെ അവർ ആദ്യം പറഞ്ഞത് തീർത്തും കുട്ടികൾക്കു പ്രാധാന്യം കൊടുക്കുന്ന ഒരു രാജ്യമാണ് ഇതെന്നും, അവിടെ അധ്യാപകർ ക്ലാസിലേക്കു ചെല്ലുമ്പോൾ യാതൊരു ഭാവഭേദവുമില്ലാതെ ഇറങ്ങിപ്പോകുന്നവരാണ് കുട്ടികളെന്നുമാണ്. അതുകൊണ്ടുതന്നെ കുട്ടികളെ ക്ലാസിലിരുത്തുക എന്നതാണ് അധ്യാപകരുടെ പരമപ്രധാനമായ ജോലി.

അവിടെ ജോലിയിൽ പ്രവേശിച്ച് രണ്ടുമാസം കഴിഞ്ഞപ്പോഴുള്ള ഒരു നൈറ്റ് ക്ലാസ് (നോമ്പുകാലത്ത് രണ്ടു സെഷനുകളായാണ് ക്ലാസുകൾ നടക്കുന്നത് – രാവിലെ 6.45 മുതൽ 11.30 വരെയും വൈകുന്നേരം 7.00 മുതൽ 9.00 വരെയും) എടുക്കുന്നതിനായി ഞാൻ പത്താം ക്ലാസിലേക്കു കയറിച്ചെന്നു. ക്ലാസ് തുടങ്ങി കുറച്ചു സമയം കഴിഞ്ഞപ്പോൾ മറ്റൊരു ക്ലാസിലെ കുറച്ചു പെൺകുട്ടികൾ വരാന്തയിലൂടെ ഉലാത്തുകയാണ്. ഒപ്പം അവരിലൊരാൾ വരാന്തയിൽനിന്ന് ഒരു ചോക്കുകഷണം എടുത്ത് എന്റെ ക്ലാസിൽ മുൻബഞ്ചിലിക്കുന്ന മബ്റൂക്ക് എന്ന കുട്ടിയുടെ മടിയിലേക്കെറിഞ്ഞു. ഒട്ടും താമസിച്ചില്ല, അവൻ അതു തിരിച്ചും എറിഞ്ഞു.

ഒന്നുരണ്ടു പ്രാവശ്യത്തെ ചോക്കേറിയൽ കണ്ടപ്പോൾത്തന്നെ എന്നിലെ ഇന്ത്യൻരക്തം തിളച്ചുമറിയാൻ തുടങ്ങി.

► 9

# കുറിപ്പടി



**സുവർണ കെ. എസ്.**
എംഎ മലയാളം
സെന്റ് തോമസ് കോളജ്, പാലാ

വർഷങ്ങൾ പലതു കഴിഞ്ഞു, ഇവിടംവരെ ഒന്നു വന്നുപോയിട്ട്. എല്ലാം നേടിയെടുക്കാനുള്ള കനൽ കത്തിത്തുടങ്ങുന്നത് ഇവിടെനിന്നായിരുന്നു. ആൾത്താമസമില്ലാത്തതിന്റെ എല്ലാ ദൈന്യതയും ആ വീടിനുണ്ടായിരുന്നു. അവളെ സംബന്ധിച്ചിടത്തോളം ആ മടങ്ങിവരവ്, കൊഴിഞ്ഞുപോയൊരു പൂവിന്റെ ഇതളുകളുടെ വീണ്ടെടുക്കലായിരുന്നു.




പൊടിപിടിച്ചു കിടന്ന അവിടമാകെ തുടച്ചു വൃത്തിയാക്കുന്നതിനിടയിലാണ് പൂട്ടില്ലാതെ, തല തുളയ്ക്കുന്നൊരു ശബ്ദത്തോടെ ഇടയ്ക്കിടെ തുറന്നുവരുന്ന വാതിലുള്ള ആ ഇരുമ്പലമാരയുടെ അടിയിൽനിന്നും നാലായി മടക്കിയ ഒരു നോട്ടുബുക്കിന്റെ കടലാസ് കിട്ടിയത്. ചുക്കിലിയും മണ്ണും പൊടിയും പറ്റിയ ആ കടലാസ് അവൾ നിവർത്തിനോക്കി. ഹൃദയത്തിലെ ഏതോ ഒരു ഞരമ്പ് വരിഞ്ഞുമുറുകിപ്പൊട്ടിയപോലെ ഒരു വേദന അവളിലൂടെ കടന്നുപോയി. ശേഷിച്ച മരവിപ്പ് അവളെക്കൂട്ടി ഏഴാംക്ലാസിലെ ഒരു ശനിയാഴ്ചദിവസത്തിലെത്തി.

അരി തീർന്നിട്ട് ഇന്നു രണ്ടു ദിവസമായി. റേഷൻ കടയിൽനിന്നു കിട്ടിയ ആട്ടപ്പൊടിയും തീർന്നു, ഇനി ആ വീട്ടിൽ ഭക്ഷ്യയോഗ്യമായ ഒന്നുംതന്നെ അവശേഷിക്കുന്നില്ല. അത് ആ വീട്ടിലെ മൂന്നു ജീവാത്മാക്കൾക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെ വിശപ്പിന്റെ പരാതി രണ്ടുപേരും അമ്മയ്ക്കു മുന്നിൽ അവതരിപ്പിച്ചില്ല. വീട് പൂർണമായും നിശ്ശബ്ദമാണ്.

നല്ല ചൂടുള്ള ദിവസമായിരുന്നു. സൂര്യൻ എന്തോ ദേഷ്യത്തോടെ നേരേ മുകളിൽ നിന്നവളെ ഉറ്റുനോക്കി. പരവേശം സഹിക്കാതെ അടുക്കളയിൽ ച്ചെന്ന് ഒരു സ്റ്റീൽക്കപ്പ് നിറയെ അവൾ വെള്ളം കുടിച്ചു. പിന്നാലെ വന്ന അനിയനും അതുതന്നെ ആവർത്തിച്ചു. അപ്പുറം അമ്മയുടെ നെഞ്ചു തകർന്ന് വിങ്ങുന്നത് അവൾ അറിയുന്നുണ്ടായിരുന്നു. ആ നേരം വിശപ്പിനെക്കാൾ ആഴത്തിൽ എന്തോ ഒരു വേദന ആളിക്കത്തി.

ഈ നേരത്താണ് അവളുടെ സ്കൂളിലെ പിയൂൺ സാജൻ വീട്ടിലേക്കു വന്നത്. അമ്മയുടെ കൈയിൽ ഒരു ചെക്ക് കൊടുത്തിട്ടയാൾ പറഞ്ഞു:

"ഇന്നത്തെ പരിപാടിക്ക് സ്കൂളിലെ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ ഇവിടുത്തെ മൂത്തകുട്ടിക്കു കിട്ടിയതാണിത്. ഇവിടുന്ന് ആരേം കാണാതിരുന്നതുകൊണ്ട് ഇവിടെത്തരാൻ എന്റെ കൈയിൽ തന്നുവിട്ടതാണ്. എന്തേ കുട്ടി ഇന്നു വരാതിരുന്നത്?" ആകെയുള്ള യൂണിഫോമിൽ പുകക്കറ വീണു. അത് അലക്കിയിട്ടിട്ട് ഉണങ്ങാതിരുന്നതുകൊണ്ടാണ് അവൾ ഇന്നു പോകാതിരുന്നത്. ഇതു പറയാതെ വളരെ ലളിതമായൊരു കളവിൽ പിയൂൺ സാജനെ അവർ മടക്കിയയച്ചു:

"അവൾക്കൊരു പനിക്കോള്. അതാ ഇന്ന് വിടാതിരുന്നെ."

അകത്തുചെന്ന അമ്മ അവളെ ഇറുകെ കെട്ടിപ്പിടിച്ചു. നിറഞ്ഞ കണ്ണുകളോടെ അവളുടെ നെറ്റിയിൽ അമർത്തിച്ചുംബിച്ചു. ആയിരം രൂപയുടെ ഒരു ചെക്ക് ആ വീടിനു ജീവൻ നൽകി. അമ്മ വേഗം സാരി ഉടുത്തു. അതിനിടയിൽ വാങ്ങേണ്ട സാധനങ്ങൾ പറഞ്ഞുകൊടുത്തു. അവളും അനിയനും കൂടെ ലിസ്റ്റ് എഴുതി. എന്തൊക്കെയോ പറഞ്ഞു കളിയാക്കി ചിരിച്ചു. മൂന്നു പേരുടെയും സന്തോഷം അവരുടെ വർത്തമാനങ്ങളിലൂടെ വീടറിഞ്ഞു. ലിസ്റ്റ് എഴുതിത്തീർന്നപ്പോൾ, നാലാം ക്ലാസുകാരൻ കൊഞ്ചിക്കൊണ്ട് അമ്മയുടെ സാരിയിൽ വലിച്ചുകൊണ്ടു ചോദിച്ചു:

"അമ്മേ... ഞാൻ ഒരു കൂട്ടം കൂടി എഴുതിക്കോട്ടെ പ്ലീ... സ്..."

"എന്താന്ന് ആദ്യം പറ." അമ്മ പറഞ്ഞു.

"ഒരു കിലോ ഓറഞ്ച്! നല്ല ചൂടല്ലേ അമ്മേ.. ഇതൂടി പ്ലീ...സ്..."

ആ പറച്ചിൽ കേട്ടിട്ട് ഒരിക്കലും വേണ്ട എന്ന് അമ്മയ്ക്കു പറയാൻ സാധിക്കുമായിരുന്നില്ല.

ഇനങ്ങൾ എഴുതിത്തുടങ്ങുമ്പോഴാണ് ബാങ്കിൽ ജോലിയുള്ള രാധാമണിച്ചേച്ചി അതുവഴി വന്നത്.

"എന്താ ഇന്നു നേരത്തേ?" അമ്മ രാധാമണിച്ചേച്ചിയോടു ചോദിച്ചു.

"ഇന്നു ശനിയാഴ്ചയല്ലേ അതുകൊണ്ട് ഉച്ചവരെയേ ബാങ്കൊള്ളൂ. അതാ നേരത്തെ."

കത്തിനിന്ന കുറേ ദീപങ്ങൾ ഒറ്റയടിക്ക് ഒരു കൊടുങ്കാറ്റ് കെടുത്തിയതുപോലെ! അമ്മ സാരി മാറിയിട്ടു. ആരും ഒന്നും പറഞ്ഞില്ല. അമ്മ കരയുന്നുണ്ടായിരുന്നോ? അവൾ നോക്കിയില്ല. ഒക്കെ ഇന്നലെ എന്നപോലെ!

നിറഞ്ഞ കണ്ണുകൾ അവ്യക്തമാക്കിയ പൊടിപിടിച്ച ആ കടലാസിലെ കുറിപ്പവൾ നോക്കി.

അരി
പച്ചക്കറി
പൊടികൾ
പലഹാരം
ഓറഞ്ച് ഒരു കിലോ !!!

■

# ഗുരുസന്നിധിയിൽ



**പ്രത്യുഷ സന്തോഷ്**
ക്ലാസ് 10
സെന്റ് പോൾസ്
ഇ. എം. എച്ച്.എസ്.എസ്
കുര്യാച്ചിറ

സത്യത്തിൻ പാതയിൽ സഞ്ചരിച്ചീടുക,
സമത്വം, സാഹോദര്യം, പിന്നെ സ്വാതന്ത്ര്യവും.
സന്തത സഹചാരികളായ് ജീവിതത്തിൽ
ധൈര്യത്തോടെ മുന്നേറൂ ഗാന്ധിജിയെപ്പോലെ.

ഓമനത്തം തുളുമ്പും മുഖവും വട്ടക്കണ്ണടയും
ഓടിവന്നെത്തുമെൻ സ്മരണയിൽ.
ഒട്ടും കുറയാതെ ആർഷഭാരതത്താളുകളിൽ,
ഒടുവിൽ രാജ്യദ്രോഹിയെന്ന മുഖമുദ്രയും.

പരിത്യാഗം, ധർമ്മരക്ഷ,
അഹിംസ, ബുദ്ധിശക്തി,
പരമകാരുണ്യവും കാണണമെങ്കിൽ നാം,
പാരമെത്തീടുക ഗുരുവിൻ സന്നിധിയിൽ വേഗം.

# കുപ്പിവളകൾ



**അഷ്ടലക്ഷ്മി. എ. എൻ**
ക്ലാസ് 8
എസ്.എൻ. എച്ച്.എസ്.എസ്., ചിതറ

പഴയ കാലത്തിൻ സ്മരണകളുമായ്
പാടവരമ്പത്തൂടെ നെൽക്കതിരുകളെ
തൊട്ടുതലോടി നടന്നീടുമവൾതൻ കരത്തിൽ
അണിഞ്ഞീടുമാ കറുത്ത കുപ്പിവളകൾ
ഓരോ സ്പർശത്തിലും കൂട്ടിമുട്ടുന്ന കുപ്പിവളകൾ
ആ ശബ്ദം നിലയ്ക്കാതെ,
മനസ്സിന്റെ അറകളിൽ മുഴങ്ങീടുന്നു.
ഇരുൾ നിറഞ്ഞ രാത്രികളിലും
ശബ്ദിച്ചുകൊണ്ടേയിരിക്കുന്നു
എൻ പ്രിയ സ്മരണതൻ കുപ്പിവളകൾ.

# ആരും അന്യരല്ല



**ഐറിൻ ആൻ ജോജോ**
ക്ലാസ് 5
സെന്റ് മേരീസ് ജി.എച്ച്.എസ്.
കുറവിലങ്ങാട്

ആ പൂന്തോട്ടത്തിലെ പ്രധാന കൂട്ടുകാരായിരുന്നു സൂര്യകാന്തിയും അപ്പൂപ്പൻതാടിയും. അവിടെ ഒരു കുഞ്ഞുകാക്ടസ്ചെടിയും ഉണ്ടായിരുന്നു. സൂര്യകാന്തിയും അപ്പൂപ്പൻതാടിയും കാക്ടസ് ചെടിയെ കളിയാക്കുമായിരുന്നു. ഒരു ദിവസം സൂര്യകാന്തിയും അപ്പൂപ്പൻതാടിയും പന്തുകൊണ്ടു കളിക്കുകയായിരുന്നു. കളിക്കിടെ പന്ത് എങ്ങനെയോ കാക്ടസ് ചെടിയുടെ അടുക്കലേക്കു തെറിച്ചുപോയി. കാക്ടസ് ചെടി അതിനെ എടുത്തു. പക്ഷേ, കാക്ടസിന്റെ കൈയിലെ മുള്ളുകൾകൊണ്ട് പന്തുപൊട്ടിപ്പോവുകയും അതുകണ്ട് സൂര്യകാന്തിക്കും അപ്പൂപ്പൻതാടിക്കും ദേഷ്യം വരികയും ചെയ്തു. അവർ കാക്ടസിനെ വഴക്കു പറഞ്ഞു.

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം കാക്ടസ് താൻ കാരണം മറ്റുള്ളവർക്കു പ്രശ്നമാണെന്നു കരുതി വിഷമിച്ചിരിക്കുകയായിരുന്നു. അപ്പോൾ ഒരു മുള്ളൻപന്നി അവന്റെ അടുത്തേക്കു വന്നു. അവൻ അവന്റെ കണ്ണീർതുടച്ച് മുള്ളൻപന്നിയെ നോക്കി. അന്ന് അവൻ മനസ്സിലാക്കി, തന്നെപ്പോലെ തന്നെ മറ്റുള്ളവരും ഈ ഭൂമിയിലുണ്ടെന്ന്. മുള്ളൻപന്നിയോടു കാക്ടസ് ചെടി തന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ പറഞ്ഞു. അവർ ചിരിച്ചും കളിച്ചും കൂട്ടുകാരായി. അവരുടെ സൗഹൃദം കണ്ട് അഹങ്കാരികളായ സൂര്യകാന്തിക്കും അപ്പൂപ്പൻതാടിക്കും അസൂയ തോന്നി.




# മറക്കാനാവാത്ത ഡിസംബർ

ഡിസംബർ 10 ലോകമെമ്പാടുമുള്ള ആളുകൾക്ക് ഒരു പ്രധാനപ്പെട്ട ദിവസമാണ്. ഈ ദിവസമാണ് നമ്മൾ മനുഷ്യാവകാശദിനം (Human Rights Day) ആയി ആഘോഷിക്കുന്നത്.

**എന്താണ് മനുഷ്യാവകാശങ്ങൾ?**

ഈ ലോകത്തു ജനിക്കുമ്പോൾത്തന്നെ നമുക്കെല്ലാവർക്കും കിട്ടുന്ന ചില അവകാശങ്ങളുണ്ട്. നമ്മൾ ആരാണെന്നോ, എവിടെനിന്നുള്ളവരാണെന്നോ, എന്തു ഭാഷ സംസാരിക്കുന്നവരാണെന്നോ ഉള്ള ഒരു വ്യത്യാസവുമില്ല. ഈ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ.

*ചില പ്രധാനപ്പെട്ട അവകാശങ്ങൾ:*

**ജീവിതത്തിനുള്ള അവകാശം:** എല്ലാ മനുഷ്യർക്കും സുരക്ഷിതമായി ജീവിക്കാൻ അവകാശമുണ്ട്.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം:** ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാനും (മറ്റൊരാൾക്കു ദോഷകരമല്ലാത്ത രീതിയിൽ) സ്വന്തം അഭിപ്രായങ്ങൾ പറയാനുമുള്ള സ്വാതന്ത്ര്യം.

**വിദ്യാഭ്യാസത്തിനുള്ള അവകാശം:** എല്ലാ കുട്ടികൾക്കും പഠിക്കാനും അറിവുനേടാനുമുള്ള അവകാശം.

**തുല്യതയ്ക്കുള്ള അവകാശം:** ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ, പണക്കാരെന്നോ പാവപ്പെട്ടവരെന്നോ വ്യത്യാസമില്ലാതെ എല്ലാവരും തുല്യരാണ്.

**സുരക്ഷിതത്വത്തിനുള്ള അവകാശം:** ആരും നമ്മളെ ഉപദ്രവിക്കാനോ വേദനിപ്പിക്കാനോ പാടില്ല.

**ഈ ദിവസം എന്തിനാണ് ആഘോഷിക്കുന്നത്?**

1948 ഡിസംബർ 10 ന്, ലോകമെമ്പാടുമുള്ള രാജ്യങ്ങൾ ചേർന്ന ഐക്യരാഷ്ട്രസഭ (United Nations) ഒരു വലിയ കരാർ ഉണ്ടാക്കി. ഇതിന് 'മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം (Universal Declaration of Human Rights - UDHR)' എന്നു പറയുന്നു. ഈ പ്രഖ്യാപനമാണ് ലോകത്തിലെ എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ള അടിസ്ഥാനാവകാശങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കിയത്.

ഈ ദിവസത്തിന്റെ ഓർമ്മ പുതുക്കാനും, ഈ അവകാശങ്ങളെക്കുറിച്ച് ആളുകളെ ഓർമ്മിപ്പിക്കാനും വേണ്ടിയാണ് നമ്മൾ എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിക്കുന്നത്.

നമ്മുടെ അവകാശങ്ങൾപോലെ തന്നെ പ്രധാനമാണ് മറ്റുള്ളവരുടെ അവകാശങ്ങളും. നമ്മൾ ഓരോരുത്തരും നമ്മുടെ സ്കൂളിലും വീട്ടിലും കൂട്ടുകാർക്കിടയിലും ഈ അവകാശങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കണം.

- നമ്മുടെ കൂട്ടുകാർക്ക് അവരുടെ അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുക.
- ആരെയും കളിയാക്കാതിരിക്കുക.
- നീതിക്കുവേണ്ടി സംസാരിക്കുക.
- നമ്മളെപ്പോലെതന്നെയാണ് മറ്റുള്ളവരും എന്ന് ഓർക്കുക.

നമ്മൾ ഓരോരുത്തരും ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കുമ്പോൾ, നമ്മുടെ ലോകം ഒരുപാട് മെച്ചപ്പെടും. എല്ലാവർക്കും അവരുടെ അവകാശങ്ങൾ ലഭിക്കുമ്പോൾ മാത്രമേ ലോകം സന്തോഷമുള്ള ഒരിടമായി മാറുകയുള്ളൂ!

# ആത്മാർത്ഥത തൊട്ടറിയണം

*7-ാം പേജ് തുടർച്ച*

നേരേ മബ്റൂക്കിന്റെ അടുത്തുചെന്ന ഞാൻ അവനോടു പറഞ്ഞു: "മബ്റൂക്ക്, ഇനി നീ ഇത് ആവർത്തിച്ചാൽ ഞാൻ നിന്നെ പുറത്താക്കും" (Mabrook, if you repeat the same I will throw you out of the class).

എന്തായാലും അല്പസമയം കഴിഞ്ഞപ്പോൾ ആ പെൺകുട്ടികൾ വീണ്ടും വരാന്തയിലെത്തുകയും ചോക്കെറിയുകയും ചെയ്തു. ഒട്ടും താമസിയാതെതന്നെ മബ്റൂക്ക് അതു തിരിച്ചെറിഞ്ഞതും രോഷാകുലയായ ഞാൻ അവന്റെ അടുത്തെത്തി നോട്ട്ബുക്ക് എടുത്ത് വരാന്തയിലേക്ക് ഒറ്റയേറ്! ചാടിയെഴുന്നേറ്റ മബ്റൂക്ക് എന്നോടു കലിപ്പോടെ ആക്രോശിച്ചു: 'Elizebath, I will complaint to the principal.' ഒട്ടും താമസിയാതെ എന്റെ മറുപടിയും ഉണ്ടായി: 'You go and complaint, I will not mind' എല്ലാം കഴിഞ്ഞ് അഞ്ചുമിനിറ്റിനുശേഷമാണ് എനിക്കു സ്ഥലകാലബോധം ഉണ്ടായതുതന്നെ. കുട്ടികൾക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന ഒരു വിദേശരാജ്യത്ത് ഇനി എനിക്കു നിലനില്പുണ്ടാവില്ല എന്ന ചിന്ത എന്റെ മനസ്സിനെ ഉലയ്ക്കാൻ തുടങ്ങി. എന്തായാലും ഏറെ ടെൻഷനടിച്ച് ആ രാത്രി കഴിഞ്ഞു.

പിറ്റേന്ന് അതേ ക്ലാസിലേക്കു ഞാൻ നടക്കുമ്പോൾ തമിഴനായ ഞങ്ങളുടെ എച്ച് ഒ ഡി ഇടയിൽ വച്ച് എന്നെ പിടികൂടി:

'Elizabeth, You had some problem with the students?'

'Yes sir.'

'See, this is a child centred country eventhough it is a fault from child's side, you will be surely punished.

'എനിക്കറിയാം സാർ, എന്തായാലും ഇപ്പോൾ ഞാൻ ക്ലാസിൽ പോകട്ടെ' എന്ന് നിർന്നിമേഷയായി പറഞ്ഞിട്ട് ഞാൻ ക്ലാസിലെത്തി.

ഞാൻ ക്ലാസിലെത്തിയതും കുട്ടികൾ പതിവുപോലെ എഴുന്നേറ്റ് ഗുഡ് ഈവനിങ് പറഞ്ഞു. മേശപ്പുറത്ത് ബുക്കുവച്ച് തിരിഞ്ഞ എന്റെ അടുത്തേക്ക് മബ്റൂക്ക് നടന്നടുത്തു. അടി ഉറപ്പ് എന്നു വിചാരിച്ചുനിന്ന എന്റെ നേരേ കൈനീട്ടിക്കൊണ്ട് 'Elizabath How are You?' എന്ന് അവൻ ചോദിച്ചതും, ഏറെ പരിഭ്രമിച്ചു പോയ ഞാൻ 'Fine, How are you?' എന്നു തിരിച്ചു ചോദിച്ചു. 'Mam, it was my fault' എന്ന് അവനും, അതു നിന്റെ മാത്രം തെറ്റല്ല ഒരു അധ്യാപിക എന്ന നിലയിൽ ബുക്കെടുത്തെറിഞ്ഞത് ഞാൻ ചെയ്ത തെറ്റാണെന്നു ഞാനും മറുപടി കൊടുത്തു.

ഇനി ഒരിക്കലും ഇതുപോലൊന്ന് ആവർത്തിക്കില്ല എന്ന ഉറപ്പിൽ ഞങ്ങൾക്കിടയിലെ മഞ്ഞുമല ഉരുകിയിറങ്ങിയത് ഇന്നലെ എന്നപോലെ ഓർക്കുന്നു.

ആത്മബന്ധങ്ങൾക്കു യാതൊരു വിലയും കല്പിക്കാത്ത, മാതാപിതാക്കൾക്കും മക്കൾക്കുമിടയിൽപോലും ആത്മാർത്ഥതയുടെ ചെറിയ ഒരുദാഹരണം പോലും ചൂണ്ടിക്കാണിക്കാനില്ലാത്ത തികച്ചും വ്യത്യസ്തമായ സംസ്കാരത്തിൽ ജീവിച്ചു വന്നിരുന്ന ആ കുട്ടി എന്നിലെ അധ്യാപികയിലെ ആത്മാർത്ഥത തിരിച്ചറിഞ്ഞതും, ഞങ്ങൾക്കിടയിൽ ആത്മബന്ധത്തിന്റെ ഒരിക്കലും പൊട്ടാത്ത ഒരു ഇഴ പിരിച്ചുചേർക്കപ്പെട്ടതും ഏറെ ആനന്ദദായകമായി ഇന്നും മനസ്സിന്റെ ഒരു കോണിൽ വരച്ചുചേർക്കപ്പെട്ടിരിക്കുന്നു.

ഇപ്പോൾ ഞാനാലോചിക്കുന്നത് നമ്മുടെ കുട്ടികളെക്കുറിച്ചാണ്. ശിഥിലമായ ഒരു സാമൂഹികപശ്ചാത്തലത്തിൽ ജനിച്ചു വളർന്ന ഒരു കുട്ടിക്ക് ആത്മാർത്ഥതയുടെ പാഠങ്ങൾ തിരിച്ചറിയാൻ കഴിയുമെങ്കിൽ, നമ്മുടെ കുട്ടികൾ ഇതിലും ഇത്രയോ എളുപ്പം ഇവ വായിച്ചെടുക്കാൻ പ്രാപ്തിയുള്ളവരാണ്! ആത്മാർത്ഥത തൊട്ടറിയുന്ന നവസമൂഹമായി വളരാൻ നമ്മുടെ കുട്ടികൾക്കും, അതു തിരിച്ചറിയാൻ നമുക്കും കഴിയട്ടെ.

■

## എന്റെ വര



**കാർത്തിക്ക് അനീഷ്**
ക്ലാസ് 10
സെന്റ് അലോഷ്യസ്
എച്ച്.എസ്.എസ്
അതിരമ്പുഴ





**ആൽബിൻ കൊട്ടാരം**
*എം.എസ്സി. മാത്സ്*
*സെന്റ് തോമസ് കോളജ്*
*പാലാ*

# തണുത്തുറഞ്ഞ കമ്പാർട്ട്മെന്റ്

തണുത്ത കമ്പാർട്ട്മെന്റിന്റെ തണുപ്പൻ അന്തരീക്ഷം വല്ലാത്ത വിരസതയായി അനുഭവപ്പെട്ടു. സ്ലീപ്പറും ജനറലും എല്ലാം നൽകുന്ന ചൂടും ചടുലത്വും ഈ എ സി കമ്പാർട്ട്മെന്റിനില്ല. അവസാനനിമിഷം ടിക്കറ്റ് എടുക്കേണ്ടിവന്നതുകൊണ്ടാണ് എസി യിൽ കയറേണ്ടി വന്നത്. വല്ലാത്ത ഒരു നിശ്ശബ്ദത മരച്ചു നിൽക്കുന്നതിനിടയിൽ വല്ലപ്പോഴും മാത്രം പ്രത്യക്ഷപ്പെടുന്ന ചായക്കാരും ശുചിമുറിയിൽ പോകാനായി മാത്രം തങ്ങൾക്കു ചലിക്കാനാകുമെന്നു തെളിയിക്കുന്ന കുറേ ആളുകളും എല്ലാം കൂടെ വല്ലാത്ത ഒരു അപരിചിതത്വം കെട്ടി നിന്നു.

ബാംഗ്ലൂർ എത്താൻ മണിക്കൂറുകൾ ശ്വാസംമുട്ടി കാത്തിരിക്കുന്നു. പാളത്തിൽ തല്ലിക്കരയുന്ന തീവണ്ടിയുടെ ശബ്ദം ഒന്നു കേൾക്കാൻ സാധിച്ചിരുന്നെങ്കിൽ!

“അമ്മച്ചി എങ്ങോട്ടാ?”

നിശ്ശബ്ദത എന്റെ ശബ്ദം കേട്ട് നെറ്റി ചുളിച്ചു.

“ബാംഗ്ലൂർക്കാ.”

“അമ്മച്ചീടെ വീട് എവിടാ?”

“ബാംഗ്ലൂർതന്നെ.”

സംഭാഷണം മുന്നോട്ടുപോയി. പുനലൂരാണ് അമ്മച്ചിയുടെ സ്വന്തം വീടെന്നും പത്തു വർഷമായി ബാംഗ്ലൂരിൽ മക്കളോടൊപ്പമാണെന്നും സഹോദരിയുടെ മകന്റെ വീടിന്റെ പാലുകാച്ചലിനു പോയതാണെന്നുമുള്ള അടിസ്ഥാനവിവരങ്ങൾ ഞാൻ ചോദിച്ചറിഞ്ഞു.

ഏതോ സ്റ്റേഷനിൽ വണ്ടി നിന്നപ്പോൾ പുറത്തുനിന്ന് ഒരു ചായ വാങ്ങാം എന്നു കരുതി ജനലിലേക്കു കൈയിട്ടപ്പോൾ ചില്ലാണെന്നു മനസ്സിലായി വീണ്ടും വെറുതെ ഇരുന്നു.

അപ്പോളാണ് ഒരു പയ്യനും, കൂടെ ഒരു പെൺകുട്ടിയും വന്ന് എന്റെ എതിർവശത്ത് ഇരിപ്പുറപ്പിച്ചത്. നിശ്ശബ്ദമായിരുന്ന ആ കമ്പാർട്ട്മെന്റ് അവരുടെ വരവോടെ കുറച്ച് പൊട്ടിച്ചിരികളും ചില തമാശകളും ഒക്കെയായി നിറഞ്ഞു.

അധികം ശബ്ദമില്ലെങ്കിലും എന്റെ പരിസരപ്രദേശങ്ങൾ ജീവൻ വച്ചതിന്റെ ഒരു ചാരിതാർത്ഥ്യം.

രണ്ടുപേരും ഒരു മാസക്കാലം മുമ്പാണ് കണ്ടുമുട്ടിയതെന്നും തങ്ങൾ തമ്മിൽ പെട്ടെന്നു സെറ്റായെന്നുമൊക്കെയുള്ള അവരുടെ കഥ കേട്ട് ഞാൻ അവരെ അസൂയയോടെ നോക്കി. തവിട്ടു കണ്ണുകളുള്ള അവളുടെ ചുരുണ്ടമുടിയും വെള്ളയിലേക്കു പ്രവേശിക്കാൻ വെമ്പുന്ന അവളുടെ പല്ലുകളും ഞാൻ ശ്രദ്ധിച്ചു. അവന്റെ തലമുടി പതിയെ പൊഴിയുന്നുണ്ടെന്നു തോന്നി. എങ്കിലും രണ്ടു പേരും ഏറെ സന്തോഷത്തിലായിരുന്നു. തങ്ങൾ കണ്ടുമുട്ടിയ കഥ മുതൽ അവരുടെ ഇണക്കങ്ങളും പിണക്കങ്ങളും എല്ലാം ഞാൻ കുറച്ചു മണിക്കൂറുകൾകൊണ്ട് കേട്ടറിഞ്ഞു.

രാത്രി ഏറ്റവും മുകളിലെ ബെർത്തിൽ അവൻ കിടന്നു. അവളപ്പോഴും താഴെത്തന്നെ ഇരുന്നു. എനിക്ക് ഉറക്കം വരുന്നുണ്ടായിരുന്നില്ല. മുകളിൽനിന്നും അവന്റെയും അപ്പുറത്തു നിന്ന് അമ്മച്ചിയുടെയും കൂർക്കംവലി കേട്ട് ഞാൻ ഇങ്ങനെ പാതിരാക്കാഴ്ചകൾ കണ്ട് ഇരിക്കുമ്പോൾ അവളെന്നോടു ചോദിച്ചു: “ഇയാൾക്കു മരിക്കാൻ ഭയം ഉണ്ടോ?”

ദീപങ്ങൾകൊണ്ട് അലംകൃതമായ ഏതോ പാലത്തിനു താഴെക്കൂടി കടന്നുപോകുന്ന മറ്റൊരു തീവണ്ടി എനിക്കു നേരേ വരുന്നതുപോലെ തോന്നി.

“എന്താ ഈ പാതിരായ്ക്ക് ഇങ്ങനെ ചോദിക്കാൻ?”

ഒരു പെൺകുട്ടിയോട് രാത്രിയിൽ ഒറ്റയ്ക്കു സംസാരിക്കുവാനുള്ള ധൈര്യം ഒന്നും എനിക്കുണ്ടായിരുന്നില്ല.



“ഇയാൾക്ക് അറിയുമോ ഈ ലോകത്തിൽ ഏറ്റവും മനോഹരമായ നിമിഷം നമ്മൾ ഏറ്റവും പ്രിയപ്പെട്ട ആളുകളോട് ഒന്നിച്ചായിരിക്കുന്നതാണ്.”

ചിലപ്പോൾ ശരിയായിരിക്കാം എന്ന ചിന്തയിൽ ഞാൻ തലയാട്ടി.

“പക്ഷേ ഏറ്റവും മോശമായത് ഏറ്റവും ഇഷ്ടമില്ലാത്ത ആളിന്റെ കൂടെ ആയിരിക്കുന്നതാണ്. ഞാൻ ഇപ്പോൾ ആ അവസ്ഥയിൽ ആണ്.”

“അതിനു നമ്മൾ തമ്മിൽ മുൻപരിചയം ഒന്നുമില്ലല്ലോ.”

“എടോ, ഇയാളെ അല്ല ഞാൻ ഉദ്ദേശിച്ചത്, ആ മുകളിൽ കിടന്നുറങ്ങുന്ന ആ കാട്ടുമാക്കാനെയാണ്.”

എനിക്ക് ഒന്നും മനസ്സിലായില്ല. ഇത്രയുംനേരം എന്റെ മുമ്പിൽ കണ്ട പ്രണയവർണ്ണങ്ങൾ എല്ലാം തണുത്തുതണുത്ത് മോർച്ചറിക്കു സമാനമായി മാറുന്നത് ഞാൻ അറിഞ്ഞു.

ഈ യാത്ര മരണത്തിലേക്കാണെന്നും തന്നെ ചതിച്ച അവനെ താൻ ഒരു പാഠം പഠിപ്പിക്കുമെന്നും അവളെന്നോടു പറഞ്ഞു.

ഞാനാകെ പരിഭ്രമിച്ചുപോയി.

എന്തു ചെയ്യണമെന്ന് എനിക്കറിയില്ലായിരുന്നു. ഇതൊക്കെ അവൻ കേൾക്കുന്നുണ്ടെങ്കിലോ?

ഞാൻ പതിയെ എഴുന്നേറ്റു വാതിലിനു സമീപത്തേക്കു നടന്നു. ഒരു വല്ലാത്ത അന്ധകാരം എന്നെ പൊതിഞ്ഞിരുന്നു.

പെട്ടെന്നുതന്നെ അവളും അവിടെയെത്തി.

“താൻ പേടിക്കേണ്ടടോ... തന്നെ ഞാൻ ഒന്നും ചെയ്യില്ല.”

അവൾ വാതിൽ തുറന്ന് ചാടുമോ എന്നായി എന്റെ ഭയം.

അതു മനസ്സിലാക്കിയതുപോലെ അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു:

“ഞാൻ ചാടി ചാകാനൊന്നും പോകുന്നില്ല.”

എന്തിനാണ്... എന്താണ് അവൻ ചെയ്തത്. ഒന്നും എനിക്കു മനസ്സിലായില്ല.

“അവൻ ഒരു പെൺകുട്ടിയുമായി ഏറെക്കാലം ഇഷ്ടത്തിലായിരുന്നു. അവൾക്കുവേണ്ടി അവൻ മരിക്കാൻപോലും തയ്യാറാകുമായിരുന്നു. അവന്റെ അപ്പനും അമ്മയും തമ്മിൽ എന്നും വഴക്കായിരുന്നെന്നും ഒരു ദിവസം വഴക്കിനിടയിൽ അപ്പൻ അമ്മയെ കൊന്നു എന്നും പിന്നീട് അവന്റെ ജീവിതം മുഴുവൻ നിരാശയുടെ പടുകുഴിയിൽ പതിച്ച സമയത്താണ് അവൾ കടന്നു വന്നതെന്നും അവൻ എന്നോടു പറഞ്ഞിട്ടുണ്ട്.

അവർ ഒരുമിച്ച് പല ഇടങ്ങളിലും പോയി, ഒരുപാട് പ്രേമിച്ചു. അവന്റെ വിഷമങ്ങൾ എല്ലാം ഇല്ലാതായിത്തുടങ്ങി. അവനു പുതിയൊരു പ്രതീക്ഷ കൈവന്നു. പക്ഷേ, അവൾ ആത്മഹത്യ ചെയ്തു...”

ഞാൻ ഒന്നു മുഖം കഴുകി നിശ്ശബ്ദനായി നിന്നു.

പാവം... അവൻ എത്രമാത്രം ദുഃഖിച്ചിട്ടുണ്ടാവണം. പക്ഷേ, ഇവൾ എന്തിനാണ് അതിന്...

“എടോ ഇയാൾക്കു ബോറടിക്കുന്നുണ്ടല്ലേ... ഉണ്ടെങ്കിലും താൻ ഇതു കേൾക്കണം.”

അവൾ വീണ്ടും തുടർന്നു.

“പിന്നീടാണ് അവൻ എന്നെ പരിചയപ്പെടുന്നത്. എന്നോട് ഈ കഥകളെല്ലാം പറഞ്ഞ് എനിക്ക് എന്തോ അവനോടു വല്ലാത്ത ഒരു സഹതാപമോ സ്നേഹമോ ഒക്കെ തോന്നി എന്നു പറയാം. ആരെയും കൺവിൻസ് ചെയ്യാനുള്ള ഒരു കഴിവ് അവനുണ്ട്. നിങ്ങളെപ്പോലും ഇന്ന് അവൻ എന്തെല്ലാം നുണ പറഞ്ഞു പറ്റിച്ചു. ഞങ്ങൾ ഒരു മാസം ഒന്നുമല്ല, ഒരു വർഷമായിട്ട് പ്രണയത്തിലാണ്.”

ചുറ്റുമുള്ള വിളക്കുകളെല്ലാം മായയാണെന്ന് എനിക്കു തോന്നി.

“അയാൾക്കെന്നോട് പ്രണയം അല്ലെടോ...”

തന്റെ കഴുത്തിലെ മുറിവ് അവളെന്നെ കാണിച്ചു.

“തനിക്കറിയുമോ അവന്റെ ബീജം എന്റെ ഗർഭത്തിൽ വളരുന്നു എന്നു ഞാൻ അറിഞ്ഞ നിമിഷം എനിക്കു സന്തോഷമായിരുന്നോ സങ്കടമായിരുന്നോ എന്നൊന്നും പറയാൻ അറിയില്ല. ഞാൻ ചെയ്ത തെറ്റിന് ശിക്ഷ എന്നോണം അവൻ അന്നുതന്നെ എന്നെക്കൊണ്ട് അബോർഷൻ ചെയ്യിച്ചു. എന്നിട്ട് അന്നുതന്നെ വീണ്ടും...”

അതു പറയുമ്പോൾ അവളുടെ കണ്ണുകൾ നനയുന്നത് എനിക്കു കാണാമായിരുന്നു.

ഞാൻ ഒന്നും പറഞ്ഞില്ല. അവളുടെ കൈകൾ പതിയെ എന്റെ കൈയിൽ എടുത്തു. പോട്ടെ സാരമില്ല എന്ന മട്ടിൽ അവളെ നോക്കി. അവൾ വല്ലാതെ കരയുന്നുണ്ടായിരുന്നു.

ഞാൻ തിരികെ സീറ്റിൽ വന്നിരുന്നു. പതിയെ നടുവിലെ സീറ്റു വലിച്ചിട്ട് ഉറങ്ങാൻ കിടന്നു. എനിക്ക് എന്തു പറയണമെന്നോ എന്തു ചെയ്യണമെന്നോ അറിയില്ലായിരുന്നു.

കരിമ്പടം പുതച്ചു കിടക്കുമ്പോഴും എനിക്കു വല്ലാതെ തണുക്കുന്നുണ്ടായിരുന്നു. അല്ല... ഉള്ളു തപിക്കുകയായിരുന്നു.

അതിനിടയിൽ എപ്പോഴോ ഞാൻ ഉറങ്ങിപ്പോയി. രാവിലെ എഴുന്നേറ്റപ്പോൾ അമ്മച്ചി മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ.

“അമ്മേ, അവർ പോയോ?”

“അറിയില്ല മോനെ, ഞാനും കണ്ടില്ല.”

എനിക്ക് ആകെ വേവലാതിയായി.

എനിക്ക് ഇറങ്ങാനുള്ള സ്ഥലം പെട്ടെന്നുതന്നെ എത്തി. ഞാൻ യെശ്വന്ത്പൂരിൽനിന്നും ഒരു ഊബർ ബുക്ക് ചെയ്തു. അവർക്കു പോകണമെന്ന് ഇന്നലെ പറഞ്ഞ സ്ഥലം ഏകദേശം നോക്കി. അവിടേക്കു പെട്ടെന്നുതന്നെ എത്തി. ഇതിനിടയിൽ അവളുടെ ഇൻസ്റ്റഗ്രാമിൽ നിന്നും അഡ്രസ്സ് തപ്പിയെടുത്ത് അവർ താമസിക്കുന്ന ഇടം കണ്ടെത്തി.

അവൻ പെട്ടെന്നു തന്നെ ഇറങ്ങി വന്നു.

“ഹേയ് ബ്രോ... നിങ്ങൾ ഇവിടെ?”

“കക്ഷി എവിടെ?”

“കുളിക്കുവാ.”

“ഹാ കുറച്ചു വെള്ളം തരുമോ.”

“ഒരു മിനിറ്റ് ബ്രോ.”

ഞാൻ അവിടെ കാത്തു നിന്നു.

വെള്ളവുമായി അവൻ വന്നു.

ഈറൻ നിറഞ്ഞ മുടിയോടു കൂടെ ഒരു പെൺകുട്ടി ഇറങ്ങി വന്നു.

“ഇത്?”

“എന്തു പറ്റി?”

ശരിയാണ്. ഞാൻ ഇവളെ എവിടെയോ കണ്ടിട്ടുണ്ട്. പക്ഷേ, ഇത് അവളല്ല.

“സോറി.”

ഞാൻ പെട്ടെന്നുതന്നെ അവിടെനിന്നു മടങ്ങി.

ആരോ എന്നെ പിന്തുടരുന്നതുപോലെ.

ഞാൻ എന്തിനാണ് ബാംഗ്ലൂർ വന്നത്?

ഞാൻ ഊബർ കയറി സെന്റ് തോമസ് ഫൊറോനപ്പള്ളിയുടെ സെമിത്തേരിയിൽ എത്തി.

അവിടെ ഏപ്രിൽ മരിയ പൗലോസ് (23) എന്നതിന് താഴെ ഒരു പൂ വച്ചിട്ട് ഞാൻ തിരികെ നടന്നു. അപ്പൻ ജയിലിൽനിന്ന് ഇറങ്ങുന്ന ദിവസമാണ്. അമ്മയെ ഓർത്ത് ഞാൻ വെറുതെ എങ്ങോട്ടോ നടന്നു. അപ്പോഴും വല്ലാത്ത തണുപ്പായിരുന്നു.

■